നബി (صلى الله عليه وسلم) മിമ്പറിന് മേലായിരിക്കുന്ന വേളയിൽ അവിടുത്തോട്
ഒരു മനുഷ്യൻ രാത്രി നിസ്കാരത്തെക്കുറിച്ച് ചോദിച്ചു:
"രാത്രി നിസ്കാരത്തെക്കുറിച്ച് അങ്ങയുടെ
അഭിപ്രായമെന്താണ്?" അവിടുന്ന് പറഞ്ഞു: "രണ്ട് വീതം
(റക്അത്തുകൾ) ആയിട്ടാണ് (രാത്രി നിസ്കരിക്കേണ്ടത്)
അബ്ദുല്ലാഹി ബ്നു ഉമർ -ماَ ُهْنَع هُ

َ ِض َي الل
ر- നിവേദനം: നബി (صلى الله عليه وسلم) മിമ്പറിന് മേലായിരിക്കുന്ന
വേളയിൽ അവിടുത്തോട് ഒരു മനുഷ്യൻ രാത്രി നിസ്കാരത്തെക്കുറിച്ച് ചോദിച്ചു:
"രാത്രി നിസ്കാരത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?" അവിടുന്ന് പറഞ്ഞു:
"രണ്ട് വീതം (റക്അത്തുകൾ) ആയിട്ടാണ് (രാത്രി നിസ്കരിക്കേണ്ടത്). സുബ്ഹാകും എന്ന്
ഭയപ്പെട്ടാൽ, ഒരു റക്അത്ത് നിസ്കരിക്കുക. എങ്കിൽ അതുവരെ നിസ്കരിച്ചതിനെ അത് വിത്ർ
(ഒറ്റ) ആക്കിത്തീർക്കും." നബി (صلى الله عليه وسلم) പറയുമായിരുന്നു: "നിങ്ങളുടെ നിസ്കാരത്തിൽ
അവസാനത്തേത് വിത്ർ ആക്കുക." കാരണം, നബി (صلى الله عليه وسلم) അത് കൽപ്പിച്ചിട്ടുണ്ട്.
[صحيح] [متفق عليه]
നബി (صلى الله عليه وسلم) മിമ്പറിൽ ഖുതുബ നിർവ്വഹിക്കുമ്പോൾ ഒരാൾ ചോദിച്ചു: "അല്ലാഹുവിന്റെ റസൂലേ,
രാത്രി നിസ്കാരം എങ്ങനെയാണ് നിർവഹിക്കേണ്ടതെന്ന് എന്നെ പഠിപ്പിക്കാമോ?" അപ്പോൾ നബി
(صلى الله عليه وسلم) പറഞ്ഞു: "ഓരോ രണ്ട് റക്അത്തുകൾ കഴിയുമ്പോഴും നീ സലാം വീട്ടുക. പുലരി ആകുമെന്ന് നീ
ഭയപ്പെട്ടാൽ, ഒരു റക്അത്ത് നിസ്കരിക്കുക. എങ്കിൽ നീ ഇതു വരെ നിസ്കരിച്ചതിനെ അത്
ഒറ്റയാക്കിത്തീർക്കും." നബി (صلى الله عليه وسلم) രാത്രിയിലെ നിസ്കാരത്തിൽ അവസാനത്തേത് വിത്ർ
(ഒറ്റയാക്കാൻ) ആക്കാൻ ഉപദേശിക്കാറുണ്ടായിരുന്നു.
https://www.sunnah.global/hadeeth/ml/show/11259